"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം ജില്ലയിലെ അയിരൂർ സെന്റ് തോമസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) ശ്രീ.പോൾ. കെ.സി യും മറ്റ 6 ഹയർ സെക്കന്ററി അധ്യാപകരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.34235/2025 മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.983/2026/GEDN തീയതി,തിരുവനന്തപുരം, 02-02-2026

പരാമർശം:- 1) ശ്രീ.പോൾ.കെ.സി, ശ്രീമതി ജോസ് ലി.എ. ജോസഫ്, ശ്രീമതി നിമ്മി റോസ് ബേബി, ശ്രീമതി അഞ്ജലി.കെ.ജെ, ശ്രീമതി ഷീബ.എസ്.എൻ, ശ്രീമതി ചിൽസി സണ്ണി, ശ്രീമതി പ്രീത.എം എന്നിവർ ചേർന്ന് 24.09.2025 ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

2) WP(C)34235/2025 നമ്പർ കേസിലെ 29.09.2025 ലെ വിധിന്യായം.

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.12.2025, 09.01.2026 തീയതികളിലെ എച്ച്.എസ്.ഇ/27351/2025-എ.സി.ഡി.സി2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ അയിരൂർ സെന്റ് തോമസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) ശ്രീ.പോൾ.കെ.സി യും മറ്റ വിവിധ എയ്ഡഡ് സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) മാരായ ശ്രീമതി ജോസ് ലി.എ. ജോസഫ്, ശ്രീമതി നിമ്മി റോസ് ബേബി, ശ്രീമതി അഞ്ജലി.കെ.ജെ, ശ്രീമതി ഷീബ.എസ്.എൻ, ശ്രീമതി ചിൽസി സണ്ണി, ശ്രീമതി പ്രീത.എം എന്നിവർ തങ്ങൾക്ക് എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) നിയമനം ലഭിച്ച തീയതി മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) ആയി തസ്തിക അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് സർക്കാരിൽ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.34235/2025 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി പരാമർശം (1) നിവേദനത്തിന്മേൽ (എക്സിബിറ്റ് പി23) പരാതിക്കാർക്ക് ഹിയറിംഗിന് അവസരം നൽകി വിധിപ്പകർപ്പ് ലഭിച്ച് നാല്പ മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാർക്കും ബന്ധപ്പെട്ട മറ്റ കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

കേരളത്തിലെ വിവിധ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) ആയി സ്ഥിര നിയമനം ലഭിച്ച തങ്ങൾക്ക് 2014-15 ബാച്ചിന് മാത്രം അംഗീകാരം ലഭിച്ചതിനാൽ ടി ബാച്ചിലെ 14 പീരീഡും അംഗീകാരം ലഭിക്കാതിരുന്ന 2015-16

ബാച്ചിലെ 14 പീരീഡും കൂടി ചേർത്ത് ആകെ 28 പീരിയഡുകൾ പഠിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. തസ്തിക ജൂനിയർ എന്ന നിലയിലാണെങ്കിലും സീനിയർ അധ്യാപകരുടെ അത്രയും ജോലിഭാരം തുടക്കം മുതൽ വഹിച്ചിരുന്നതിനാൽ നിയമന തീയതി മുതൽ തന്നെ അപ്ഗ്രേഡ് ചെയ്യാൻ അർഹതയുണ്ട്. സമാന സാഹചര്യത്തിൽ, 29.06.2024 ലെ സ.ഉ.(കൈ) നം. 69/2024/G.Edn പ്രകാരം ശ്രീമതി ഷമ്മി പോൾ ഉൾപ്പെടെയുള്ള 5 എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) അധ്യാപകർക്ക് മുൻകാല പ്രാബല്യത്തോടെ നിയമനാംഗീകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ ആനുകൂല്യം തങ്ങൾക്കും ലഭ്യമാക്കി തങ്ങളുടെ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തിക മുൻകാല പ്രാബല്യത്തോടെ നിയമന തീയതി മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) ആയി അപ്ഗ്രേഡ് ചെയ്തു നൽകണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, ശ്രീ.പോൾ. കെ.സി യെ എറണാകുളം അയിരൂർ സെന്റ് തോമസ് എച്ച്.എസ് ൽ 25.01.2018 മുതൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിലും തുടർന്ന് 06.06.2019 മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ.ജോസ് ലി.എ.ജോസഫ് നെ എഴുപുന്ന സെന്റ് റാഫേൽ എച്ച്.എസ്.എസ് ൽ 25.01.2018 മുതൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിലും തുടർന്ന് 06.06.2019 മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിനും അംഗീകാരം നൽകിയിട്ടുണ്ട്. ശ്രീമതി നിമ്മി റോസ് ബേബി യെ തൃശ്ശൂർ തിരുമുടിക്കുന്ന് പി.എസ്.എച്ച്.എസ്.എസ് ൽ 25.01.2018 മുതൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിലും തുടർന്ന് 06.06.2019 മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിനും അംഗീകാരം നൽകിട്ടുണ്ട്. ശ്രീമതി അഞ്ജലി.കെ.ജെ യെ എറണാകുളം പുത്തൻപള്ളി സെന്റ് ജോർജ്സ് എച്ച്.എസ്.എസ്. ൽ 25.01.2018 മുതൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിലും തുടർന്ന് 06.06.2019 മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി ഷീബ.എസ്.എൻ നെ എറണാകുളം കരുമാലൂർ FMCT HSS ൽ 19.01.2018 മുതൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും തുടർന്ന് 06.06.2019 മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിനും അംഗീകാരം നൽകിയിട്ടുണ്ട്. ശ്രീമതി ചിൽസി സണ്ണിയെ എറണാകുളം കിഴക്കമ്പലം സെന്റ് ജോസഫ് എച്ച്.എസ്.എസ് ൽ 24.01.2018 മുതൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിലും തുടർന്ന് 06.06.2019 മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി പ്രീത.എം നെ നെടുമ്പാശ്ശേരി മാർ അത്തനേഷ്യസ് എച്ച്.എസ്.എസ് ൽ 30.01.2018 മുതൽ നിയമിക്കുകയും തുടർന്ന് 06.06.2019 മുതൽ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സമാന സാഹചര്യത്തിൽ, തൃശ്ശൂർ കുട്ടനല്ലൂർ സെന്റ് അഗസ്റ്റിൻ എച്ച്.എസ്എസ് ലെ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി ഷമ്മി പോളും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)No.33992/2019 ലെ 27.03.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 29.06.2024 ലെ സ.ഉ.(കൈ) നം.69/2024/പൊ.വി.വ പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യം തങ്ങൾക്കും ലഭ്യമാക്കണമെന്നും പരാതിക്കാർ ഉന്നയിച്ചിട്ടുണ്ട്. 24.11.2014 ലെ സ.ഉ. (കൈ) നം.247/2014/പൊ.വി.വ പ്രകാരം ടി സ്കൂളുകളിൽ 2014-15 വർഷം ഹയർ സെക്കന്ററിയിൽ ബാച്ചുകൾ അനുവദിക്കുകയും, ടി ബാച്ചുകളിൽ 21.08.2017 ലെ സ.ഉ. (കൈ) നം.106/2017/പൊ.വി.വ പ്രകാരം അനുവദിച്ചിട്ടുള്ള എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികകളിൽ പരാതിക്കാരെ നിയമിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 06.02.2019 ലെ സ.ഉ.(കൈ) നം.14/2019/പൊ.വി.വ പ്രകാരം ടി എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികകൾ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) ആയി അപ്ഗ്രേഡ് ചെയ്ത് ഉത്തരവാകുകയും 06.06.2019 മുതൽ പരാതിക്കാരെ എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയതിന് അംഗീകാരം നൽകുകകയും ചെയ്തിട്ടുണ്ട്. പരാതിക്കാരുടെ സ്കൂളുകളിൽ ബാച്ച് തുടങ്ങി തുടർച്ചയായ 3 വർഷം 50 ൽ കൂടുതൽ കുട്ടികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയാണ് തസ്തിക സൃഷ്ടിച്ച് ഉത്തവായിട്ടുള്ളതിനാലും, സുപ്രീംകോടതിയുടെ 'ഉമാദേവി' കേസ് വിധി പ്രകാരം, കൃത്യമായ സെലക്ഷൻ നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ 'ബാക്ക് ഡോർ' നിയമനങ്ങൾ ക്രമപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമായതിനാലും,

സമാനമായ ആവശ്യം മറ്റ് അധ്യാപകരും ഉന്നയിച്ചാൽ സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാലും പരാതിക്കാരുടെ നിയമന തീയതി മുതൽ 06.06.2019 വരെയുള്ള കാലയളവ് എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ഹർജിക്കാർ ആവശ്യപ്പെടുന്ന കാലയളവിൽ സീനിയർ തസ്തികകൾ നിലവിലുണ്ടായിരുന്നില്ല. തസ്തിക ഇല്ലാത്ത കാലയളവിൽ അംഗീകാരം നൽകുന്നത് ചട്ടവിരുദ്ധമാണ്. ബാച്ച് അംഗീകാരവും കുട്ടികളുടെ എണ്ണവും പരിഗണിച്ച് സർക്കാർ കൃത്യസമയത്ത് തന്നെയാണ് തസ്തികകൾ അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. ഹർജിക്കാരുടെ വാദത്തിന് സമാനമായ ആവശ്യങ്ങൾ ഉന്നയിച്ച മറ്റു ഹർജികൾ ഹൈക്കോടതി ഇതിനകം തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, എച്ച്.എസ്.എസ്.ടി-ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിൽ ജോലിചെയ്ത കാലയളവ് എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്) ആയി അപ്ഗ്രേഡ് ചെയ്യണമെന്ന പരാമർശം (1) നിവേദനത്തിലെ (എക്സിബിറ്റ് പി23) ആവശ്യം നിരസിച്ചു തീർപ്പാക്കിയും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, ചെങ്ങന്നൂർ/എറണാകുളം.
മാനേജർ/ശ്രീ.പോൾ.കെ.സി, എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്),
സെന്റ് തോമസ് എച്ച്.എസ്.എസ്, അയിരൂർ, എറണാകുളം-683 574.
മാനേജർ/ശ്രീ.ജോസ്ലി.എ.ജോസഫ്, എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്),
സെന്റ് റാഫേൽസ് എച്ച്.എസ്.എസ്, ഏഴുപുന്ന, ആലപ്പുഴ-688 537.
മാനേജർ/ശ്രീമതി നിമ്മി റോസ് ബേബി, എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്),
പി.എസ്.എച്ച്.എസ്.എസ്, തിരുമുടിക്കുന്ന്, കൊരട്ടി, തൃശ്ശൂർ-680 308.
മാനേജർ/ശ്രീമതി അഞ്ജലി.കെ.ജെ, എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്),
സെന്റ് ജോർജ്ജ്സ് HSS, പുത്തൻപള്ളി, വരാപ്പുഴ, എറണാകുളം-683 517.
മാനേജർ/ശ്രീമതി ഷീബ.എസ്.എൻ, എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്),
FCCT HSS, കരുമാലൂർ, എറണാകുളം-683 511.
മാനേജർ/ശ്രീമതി ചിൽസി സണ്ണി, എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്),
സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, കിഴക്കമ്പലം, എറണാകുളം-683 562.
മാനേജർ/ശ്രീമതി പ്രീത.എം, എച്ച്.എസ്.എസ്.ടി (ഇംഗ്ലീഷ്),
മാർ അത്തനേഷ്യസ് HSS, അത്താനി, നെടുമ്പാശ്ശേരി, എറണാകുളം-683 585.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 03-02-2026 11:13:41

സെക്ഷൻ ഓഫീസർ